# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ-208 04.10.2011-ൽ മറുപടിക്ക്

## പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമീണ കായിക മേഖലയുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; | (എ) ഗ്രാമീണ കായിക മേഖലയുടെ വികസനത്തിനായി കേന്ദ്ര യുവജന കായിക കാര്യ മന്ത്രാലയവും സംസ്ഥാന സർക്കാരും സംയുക്തമായി പഞ്ചായത്ത് യുവ ക്രീഡ ഔർ ഖേൽ അഭിയാൻ (പൈക്ക) പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) 'പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ' നടപ്പാക്കാനുള്ള നടപടികളെടുത്തിട്ടുണ്ടോ; എങ്കിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) ഉണ്ട്. 2008-2009 മുതൽ പഞ്ചായത്ത് യുവ ക്രീഡ ഔർ ഖേൽ അഭിയാൻ അഥവാ 'പൈക്ക' എന്ന പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നു. പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം പ്രഥമ നാലുവർഷങ്ങളിൽ സംസ്ഥാനത്ത് നിലവിലുള്ള ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ 10 ശതമാനം വീതം പ്രതിവർഷം പൈക്കയിൽ ഉൾപ്പെടുത്തുന്നതാണ്. ഇതനുസരിച്ച് 2008-09, 2009-2010 വർഷങ്ങളിൽ മൊത്തം 200 ഗ്രാമ പഞ്ചായത്തുകളെയും 28 ബ്ലോക്ക് പഞ്ചായത്തുകളെയും പദ്ധതിയിൽപ്പെടുത്തി.<br>2010-11-ൽ 100 ഗ്രാമ പഞ്ചായത്തുകളും 14 ബ്ലോക്ക് പഞ്ചായത്തുകളും അടങ്ങുന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br>നടപ്പുവർഷം (2011-12) പദ്ധതി നടപ്പിലാക്കുന്നതിന് താത്പര്യമുള്ള ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച അപേക്ഷകളിൽ നിന്നും അനുയോജ്യമായ 100 ഗ്രാമ പഞ്ചായത്തുകളേയും 14 ബ്ലോക്കുകളേയും കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്യുന്നതാണ്. |

2008-09, 2009-2010 വർഷങ്ങളിൽ പദ്ധതിയിൽപ്പെടുത്തിയ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കർഹമായ കേന്ദ്ര സഹായമായി താഴെ പറയുന്ന തുക അനുവദിച്ച് കിട്ടിയിട്ടുണ്ട്.

| വർഷം | ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ് (75%) | ആനുവൽ അക്വിസിഷൻ ഗ്രാന്റ് | ആനുവൽ ഓപ്പറേഷണൽ ഗ്രാന്റ് |
|---|---|---|---|
| 2008-09 | 656.35 ലക്ഷം | 22.80 ലക്ഷം | 27.36 ലക്ഷം |
| 2009-10 | 519.55 ലക്ഷം | 22.80 ലക്ഷം | 27.36 ലക്ഷം |

മേൽ ഗ്രാന്റുകൾ ഗുണഭോക്താക്കളായ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിതരണം ചെയ്ത് കളിസ്ഥലം നിർമ്മാണ പ്രവർത്തനങ്ങളും, പൈക്ക പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനവും നടന്നു വരുന്നു.

കൂടാതെ ഈ പദ്ധതിയുടെ ഒരു പ്രധാന ഭാഗമാണ് വാർഷിക കായിക മത്സരങ്ങൾ. ഇതിന്റെ ഭാഗമായി സംസ്ഥാനത്താകമാനം ബ്ലോക്ക്/ജില്ല/സംസ്ഥാന തലങ്ങളിൽ പൈക്ക (റൂറൽ) വാർഷിക മത്സരങ്ങൾ സംഘടിപ്പിക്കുകയും സംസ്ഥാനതല വിജയികളെ ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ കായിക ഇനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) ഓരോയിനത്തിനും ഗ്രാമപഞ്ചായത്തുകൾക്ക് എത്ര രൂപ വീതം സഹായം ലഭിക്കുമെന്ന് വിശദമാക്കുമോ?

(ഡി) പൈക്കയിൽ ഉൾപ്പെടുത്തുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് താഴെ പറയുന്ന സഹായങ്ങൾക്ക് അർഹതയുണ്ട്.

1. <u>ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ്</u>
<u>(One Time Seed Capital Grant)</u>:

കായിക പരിശീലനത്തിനും മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും ഉപയുക്തമായ നിലവാരത്തിലുളള അടിസ്ഥാന സൗകര്യങ്ങൾ (കളിക്കളങ്ങൾ, നീന്തൽ കുളങ്ങൾ) നിർമ്മിക്കുന്നതിനും നിലവിലുളളവ വികസിപ്പിക്കുന്നതിനുമുളളതാണ് ഈ ഗ്രാന്റ്. ഇത് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ 75:25 എന്ന

അനുപാതത്തിൽ സംയുക്തമായിട്ടാണ് വഹിക്കുന്നത്.

ഗ്രാമ പഞ്ചായത്തുകളുടെ അർഹത അവയുടെ ജനസംഖ്യാനുപാതികമായി 4600 പേർക്ക് ഒരു ലക്ഷം രൂപ എന്ന തോതിലാണ് തിട്ടപ്പെടുത്തുക. (4600 എന്നത് ഗ്രാമീണ ജനസംഖ്യയുടെ ദേശീയ ശരാശരിയാണ്).

**2. <u>ആന്വൽ അക്വിസിഷൻ ഗ്രാന്റ്</u>**
**<u>(Annual Acquisition Grant)</u>:**

ഈ പദ്ധതി പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന കായിക പരിശീലന കേന്ദ്രങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ളതാണ് ഈ ഗ്രാന്റ്. പദ്ധതി നടപ്പാക്കി ആദ്യ അഞ്ചു വർഷം മാത്രം ലഭിക്കുന്ന 100 ശതമാനം കേന്ദ്ര ധനസഹായമാണിത്. സാധാരണ നിരക്കിൽ ഗ്രാമ പഞ്ചായത്തിന് പ്രതിവർഷം പതിനായിരം രൂപ വീതം ലഭിക്കും.

**3. <u>ആന്വൽ ഓപ്പറേഷണൽ ഗ്രാന്റ്</u>**
**<u>(Annual Operational Grant)</u>:**

പൈക്ക കായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും അതിന്റെ ചുമതലക്കാരനായ സ്പോർട്സ് കോ-ഓർഡിനേറ്റർക്കും നൽകുന്ന ഹോണറേറിയത്തിനും മറ്റും ഉദ്ദേശിച്ചുള്ള നൂറ് ശതമാനം കേന്ദ്ര സഹായമാണിത്. ഇതും പദ്ധതി നടപ്പാക്കി ആദ്യ 5 വർഷം മാത്രമേ ലഭിയ്ക്കുകയുള്ളൂ. സാധാരണ നിരക്കിൽ ഗ്രാമ പഞ്ചായത്തിന് പ്രതിവർഷം പന്ത്രണ്ടായിരം രൂപ വീതം ലഭിക്കുന്നതാണ്.

എന്നാൽ പതിനായിരമോ അതിലധികമോ ജനസംഖ്യയുള്ള ഗ്രാമ പഞ്ചായത്തുകൾ ആന്വൽ അക്വിസിഷൻ ഗ്രാന്റും, ആന്വൽ ഓപ്പറേഷണൽ ഗ്രാന്റും സാധാരണ നിരക്കിൽ ഇരട്ടി വീതം അതായത് യഥാക്രമം ഇരുപതിനായിരം രൂപ വീതവും ഇരുപത്തിനാലായിരം രൂപാ വീതവും പ്രതിവർഷം ലഭിയ്ക്കാൻ അർഹതയുണ്ട്.

(signature)
സെക്ഷൻ ഓഫീസർ